# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ദാറുൽ ഹസനാത്ത് ഇംഗ്ലീഷ് ഹൈസ്കൂൾ, കണ്ണാടിപ്പറമ്പ്

### ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ 2017-18 അക്കാദമി വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നമ്മുടെ നിലപാട്. മികവ് എന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മികവിന്റെ കാര്യത്തിൽ കുറേക്കൂടി മുന്നേറാൻ നമുക്ക് കഴിയണം. അതിന്റെ ഭാഗമായാണ് ഈ വർഷം സമഗ്ര ഗുണമേന്മ വർഷമായി പരിഗണിക്കുന്നത്.

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ബ്ലോക്കിൽ പെടുന്ന നാറാത്ത് ഗ്രാമപഞ്ചായത്തിലാണ് കണ്ണാടിപറമ്പ് ദാറുൽ ഹസനാത്ത് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്. പാഠ്യ-പാഠ്യേതര രംഗത്ത് സംസ്ഥാന തലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർച്ചയായി ഉന്നത വിജയം കൈവരിക്കാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. ദേശീയ, സംസ്ഥാന തലങ്ങളിൽ മികവാർന്ന വിജയം കൈവരിച്ചിട്ടുണ്ട്. അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. പെൺകുട്ടികൾക്കായി കരാട്ടെ പരിശീലനത്തിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാൻ സാധിക്കുന്നു. കുട്ടികളെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കാൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു. ഹൈസ്കൂളിൽ ലധികം കുട്ടികൾ പഠിക്കുന്നു. ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർച്ചയായി പന്ത്രണ്ടാം തവണയും 100% വിജയം നേടാൻ സാധിച്ചു. 12 കുട്ടികൾ മുഴുവൻ വിഷയങ്ങളിലും A+ നേടി. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിംഗും അതനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. പൊതു വിദ്യാലയസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ,ജനപ്രതിനിധികൾ,തുടങ്ങിയവയുടെ പൂർണ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു.

**അക്കാദമികം**

**നേട്ടങ്ങൾ**

**കഴിഞ്ഞ പന്ത്രണ്ട് വർഷമായി എസ്എസ് എൽസി പരിക്ഷയിൽ തുടർച്ചയായി 100% വിജയം നേടിക്കൊണ്ടിരിക്കുന്ന വിദ്യാലയം ആണിത്. 2024-25 അക്കാദമിക വർഷത്തിൽ 9 വിദ്യാർ ഥികൾക്ക് USS സ്കോളർഷിപ്പും ഒരു വിദ്യാർത്ഥിക്ക് LSS സ്കോളർഷിപ്പും ലഭിച്ചിട്ടുണ്ട് 45 വിദ്യാർഥികൾ SSLC പരീക്ഷ എഴുതിയപ്പോൾ 12 വിദ്യാർത്ഥികൾക്ക് മുഴുവൻ വിഷയങ്ങളിലും A+ നേടാൻ സാധിച്ചു. സ്കൂളിലെ വൈവിധ്യമാർന്ന യൂണിറ്റുകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധി പ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. കുട്ടികൾക്ക് വായനക്കാവശ്യമായ ലൈബ്രറി പ്രത്യേകം തന്നെ ഒരുക്കിയിട്ടുണ്ട്. കലാകായിക ശാസ്ത്രമേളകളിൽ സംസ്ഥാനതലത്തിൽ മികവാർന്ന നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. അതോടൊപ്പം പാപ്പിനിശ്ശേരി ഉപജില്ലാതലത്തിൽ അറബിക്ക് കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പും ,ഉപജില്ലാതലത്തിൽ ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് സ്പോർട്സ് രംഗത്ത് ഓവറോൾ ചാമ്പ്യൻഷിപ്പ് നേടാൻ സാധിച്ചു.**

## അക്കാദമിക് മാസ്റ്റർ പ്ലാൻ -മലയാളം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭാതികം |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം/ ചിഹ്നങ്ങൾ ഉറപ്പിക്കൽ | ജൂൺ, ജൂലൈ | അനുകാലിക പ്രസിദ്ധീകരണം |
| 2 | കുട്ടിയെ മികച്ച വായനക്കാരാക്കുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | 6 മാസം | ക്ലാസ് ലൈബ്രറി ആനുകാലിക പ്രസിദ്ധീകരണങ്ങൾ |
| 3 | കുട്ടിയെ മികച്ച | എഴുത്തുകൾ രൂപീകരണം | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ |
| 4 | സദസ്സിനെ അഭിമുഖീകരിക്കാൻ | കഥ – ദൃശ്യാവിഷ്കാരം നാടകാവതരണം | 6 മാസം | ഓഡിയോ വീഡിയോ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക്

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭാതികം |
|---|---|---|---|---|
| 1 | കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കൽ | അറബിക് ലൈബ്രറി ശാക്തീകരണം, | ജൂൺ-നവംബർ | ഭാഷാധ്യാപകർ |
| 2 | എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർ മിക്കുന്നു. | സെപ്റ്റംബർ- ഡിസംബർ | ഭാഷാധ്യാപകർ |
| 3 | അറബിയിൽ അറിവ് നേടുക | ഓരോ മാസവും നിശ്ചിത എല്ലാ മാസവും പൂർവ്വ തീയ്യതിയിൽ ക്വസിന്റെ ചോദ്യങ്ങൾ തയ്യാറാക്കും | ജൂൺ -ഡിസംബർ | ഭാഷാധ്യാപകർ |
| 4 | പ്രതിഭകളെ കണ്ടെത്തൽ | കഥ – ദൃശ്യാവിഷ്കാരം നാടകാവതരണം | ജൂൺ -ഡിസംബർ | ഭാഷാധ്യാപകർ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - English

| SL NO. | Aim | Activities | Time | Incharge |
|---|---|---|---|---|
| 1 | Enable them to speak in English and Confidently | 1. Let them speak in English in the Class Room<br>2. English Assembly<br>3. English Corner<br>4. Story Time | Whole Academic year 2025-26 | English Subject Teachers |
| 2 | 2 Create Opportunities for them to perform | 1. Documentary<br>2. Role Play<br>3. English Day | Whole Academic year 2025-26 | English club |

| | | | | |
|---|---|---|---|---|
| | activities in English | Celebration<br>4. Reels making in English<br>5. Public Speaking | | |
| 3 | Encourage them to write creatively | 1. Discourses like Diary,Narrative Short Story writing | Academic year 2025-26 | English Subject Teachers |
| 4 | Make them to write simple poems. | 1. Giving Class activities as writing poems | Academic year 2025-26 | English Subject Teachers |
| 5 | Encourage them to perform in English | 1. Conditioning Interviews | Academic year 2025-26 | English Subject Teachers |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | അക്ഷരം, ചിനം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽ കുന്നു.അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | ജൂൺ- ജൂലൈ |
| 2 | ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർ ത്ഥിയുടെയും ജനന തീയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർ ക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ |
| 3 | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.കാർ ട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | ഡിസംബർ-ജനുവരി |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - മാത്തമാറ്റിക്സ്

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | ഗണിത കളികൾ,മാത്ത്സ് ക്ലിനിക്ക് | അക്കാദമിക വർഷത്തിലുടനീളം | ഗണിത അധ്യാപകർ |
| 2 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | വർഷത്തിലൊരിക്കൽ | ഗണിത അധ്യാപകർ |
| 3 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ,അളവുകൾ ഇവ പരിചയപ്പെടുത്തൽ | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിലുടനീളം | ഗണിത ക്ലബ് |